(ബി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി, ആദ്യം രൂപകല്പന ചെയ്ത പ്രകാരമുള്ള സ്ഥാനത്ത് സ്പിൽവേയുടേയും പ്രളയജല നിർഗ്ഗമന ക്രമീകരണങ്ങളുടേയും പണി ചെയ്തിരുന്നുവെങ്കിൽ അത് പദ്ധതിയുടെ സുരക്ഷിതത്വത്തിന് കോട്ടം വരുത്തുമായിരുന്നുവോ;

(ഡി) പണി ടെൻഡർ ചെയ്യുന്നതുവരെ ഇത് കണ്ടുപിടിക്കാതിരുന്നതെന്തുകൊണ്ടെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് രൂപകല്പന ചെയ്തപ്പോൾ പരമാവധി സുരക്ഷിതത്വത്തിനുള്ള നടപടികൾ പരിഗണിക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രൂപകല്പന ചെയ്ത പ്രകാരം സ്പിൽവേ ഡാം വരുന്ന സ്ഥാനത്ത് ഉദ്ദേശിച്ച ലെവലിൽ ഉറച്ച പാറ ഇല്ലാത്തതുകൊണ്ടാണ് സ്പിൽവേ ഡാമിന്റെ സ്ഥാനം മാറ്റേണ്ടിവന്നത്.

(സി) അതെ.

(ഡി) ഭൂമിശാസ്ത്രപരമായ പ്രാഥമിക പഠനങ്ങളിൽ ഉദ്ദേശിച്ച ലവലിൽ പാറ ഉണ്ടായിരുന്നു. അതനുസരിച്ച് പണിയുടെ ദർഘാസുകൾ ക്ഷണിച്ചു. എന്നാൽ പണി പുരോഗമിക്കവെ ഉദ്ദേശിച്ച ലവലിൽ ബലവത്തായ പാറ ഇല്ലെന്ന് കണ്ടെത്തിയതിനാലാണ് പണി ടെൻഡർ ചെയ്യുന്ന സമയത്ത് ഇത് കണ്ടുപിടിക്കാൻ സാധിക്കാതിരുന്നത്.

(ഇ) സുരക്ഷിതത്വത്തിനുള്ള നടപടികൾ പരമാവധി ചെയ്തിരുന്നു.

ചേലക്കര മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം

22 [179] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര, മുള്ളൂർക്കര എന്നീ സ്ഥലങ്ങളിൽ ഓരോ 33 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ആർക്കാണ് കരാർ നൽകിയിരുന്നത്;

(സി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാർ പ്രകാരം എപ്പോഴാണ് ഇവയുടെ നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള കാലതാമസത്തിനു കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള ഈ മേഖലകളിൽ അടിയന്തിര സ്വഭാവത്തോടെ ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) എ. ആർ. എം. ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിക്കാണ് കരാർ നൽകിയിരുന്നത്. ടി കമ്പനിയുടെ ഇപ്പോഴത്തെ പേര് ഐക്കോം (ICCOM) ലിമിറ്റഡ് എന്നാണ്.

(സി) സബ് സ്റ്റേഷന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

(ഡി) 29-11-2001-ന്.

(ഇ) കരാറുകാരുടെ പക്കൽ നിന്നുള്ള കാലതാമസം കാരണമാണ് സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്.

(എഫ്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ ഡാമിന്റെ നിർമ്മാണ ചെലവ്

23 [180] ശ്രീ. പി. ടി. തോമസ് :
,, എ. കെ. മണി :
,, കെ. പി. വിശ്വനാഥൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമിന്റെ ഒറിജിനൽ എസ്റ്റിമേറ്റനുസരിച്ച് അതിന്റെ മേസൺറി ഡാമിനുവേണ്ടിയുള്ള ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള മേസൺറി ഡാം എർത്തേൺ ഡാമായി മാറ്റിയപ്പോൾ അതിന് എന്ത് ചെലവ് വന്നു;

(സി) പ്രസ്തുത പദ്ധതിയുടെ ഡാമിന്റെ ഉയരം വർദ്ധിപ്പിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly